കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

# പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നമ്പർ കെ.എസ്.എ.പി.കെ.ഡി125-1389/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
ഫോൺ:04912 520145
email:dopkd.ksad@kerala.gov.in


തീയതി-04.02.2021

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997ലെ കേരള പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ്

നിയമം സെക്ഷൻ 15(1), 1996ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, പാലക്കാട്
4. കാര്യാലയ പകർപ്പ്

നമ്പർ കെ.എസ്.എ.പി.കെ.ഡി125-1389/2020 തീയതി – 04.02.2021

## പാലക്കാട് ജില്ലയിലെ പാലക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പാലക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 25.4.2019 മുതൽ 19.11.20 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിനു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | വിനോദ് ശ്രീധർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.11.20മുതൽ<br>30.11.20 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പൊന്നു.കെ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുസ്മിത.കെ.വി<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സരിത.പി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ബിന്ദു.എം.പി | 01.04.2018 മുതൽ 31.03.2019വരെ |
| സെക്രട്ടറി | ശ്രീ.വരുൺ ജി | 01.04.2018 മുതൽ 31.3.19 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | ശ്രീ.ആന്റണി എം.വട്ടോളി | 01.04.2018 മുതൽ 26.04.2018 വരെ |
| | ശ്രീ.ബാലചന്ദ്രൻ. ജി | 27.4.2018 മുതൽ 31.3.2019 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി.ജാസ്മിൻ എം | 01.04.2018 മുതൽ 7.05.2018 വരെ |
| | ശ്രീമതി.നഫീസ.എം | 8.5.2018 മുതൽ 3.7.2018 വരെ |
| | ശ്രീമതി.സ്മിത സാമുവൽ | 4.7.2018 മുതൽ 30.7.2018 വരെ |
| | ശ്രീമതി.ഷീല.പി. | 31.7.2018 മുതൽ 31.3.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ബിന്ദു.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.ശ്രീജ.കെ.എസ് | 01.04.2018 മുതൽ 25.09.2018 വരെ |
| | ശ്രീമതി.ശോഭന.കെ.ഡി | 26.09.2018 മുതൽ 31.03.2019 |
| സി.ഡി.പി.ഒ | ശ്രീമതി.രമാദേവി.പി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, കോങ്ങാട്) | ഡോ.ലീനാകുമാരി.എം.ആർ | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-3 |
| 4 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് പരിശോധന | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 8 | വാർഷിക കണക്കുകളുടെ മറ്റ് അപാകതകൾ | 1-8 |
| 9 | സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ- വിനിയോഗസാക്ഷ്യപത്രം ലഭിട്ടില്ല | 1-9 |
| 10 | ലൈഫ് പദ്ധതികൾക്കായി നൽകിയ തുകകൾ - വിനിയോഗവിവരം ലഭ്യമല്ല | 1-10 |
| 11 | ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയതിന്റെ വിനിയോഗവിവരം ലഭ്യമല്ല | 1-11 |
| 12 | രേഖകൾ ഹാജരാക്കിയിട്ടില്ല | 1-12 |
| 13 | അധികം തുക തിരികെ ഈടാക്കണം | 1-13 |
| 14 | അഡ്വാൻസ് തുക ക്രമീകരിക്കേണ്ടതാണ് | 1-14 |
| 15 | റോഡ് ടാറിംഗ് പ്രവർത്തികൾ-ബാരൽ വില ഈടാക്കിയിട്ടില്ല | 1-15 |
| 16 | കരാർ ചമയ്ക്കുന്നതിൽ കാലതാമസം -പിഴ ഈടാക്കിയിട്ടില്ല | 1-16 |
| 17 | നെല്ലടി റോഡ് മെറ്റലിംഗ് ടാറിംഗ് - തുടർനടപടി സ്വീകരിക്കേണ്ടതാണ് | 1-17 |
| 18 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങൽ- വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. | 1-18 |


ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും)

ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

ഒന്നുമില്ല

## ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബിറ്റുമിൻ ബാരൽ വില ഈടാക്കിയില്ല | 3-1 |
| 2 | കരാർ ചമയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയില്ല | 3-2 |

## ഭാഗം-IV

## ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |

# ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

പാലക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് 17.03.2018ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു.

1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 30.4.2019 |

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 54972181.00 |
| വരവ് | 112328446 |
| ആകെ | 167300627.00 |
| ചെലവ് | 117129039 |
| നീക്കിയിരിപ്പ് | 50171588.00 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക /സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | | 0 | 36,449,233 | 36,449,233 | 36449233 | 0 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | - | 25053000 | 25053000 | 25053000 | 0 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 0 | 216,000 | 216,000.0 | 216,000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4689000 | 4689000 | 4390301 | 298699 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 824037 | 10343945 | 11167982 | 6142195 | 5025787 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (*) | ഐ.സി.ഡി.എസ് | 261562 | 0 | 261562.00 | 0 | 261562.00 |
| | ടി.എസ്.സി | 737261 | 130118 | 867379 | 21497 | 845882 |
| | എസ്.ജി.എസ്.വൈ | 155100 | 158708 | 313808 | 45384 | 268424 |

| | | | | | | |
|---|---|---|---|---|---|---|
| | WGDP | 53586 | 0 | 53586.00 | 0 | 53586.00 |
| | ബി ആർ ജി എഫ് | 195202 | 70413 | 265615 | 592 | 265023 |
| | ഐ എ വൈ | 46371523 | 24297102 | 70668625 | 34629173 | 36039452 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് * | ഗ്രാമ പഞ്ചായത്ത്, | 1721650 | 0 | 1721650 | 1269359 | 452291* |
| | ജില്ലാ പഞ്ചായത്ത് ഷെയറുകൾ* | 0 | 1274000 | 1274000 | 1274000 | 0 |

*കേന്ദ്രാവിഷ്കൃത പദ്ധതികൾ ,സംയുക്ത പ്രൊജക്ടുകൾ എന്നിവയ്ക്ക് ലഭ്യമാകുന്ന തുകകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം അപ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വേർതിരിച്ചുള്ള കൃത്യമായ കണക്ക് ലഭ്യമല്ല. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള തുകയാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.സംയുക്ത പ്രൊജക്ട് ലെഡ്ജർ പ്രകാരമുള്ള വരവ് ചെലവാണ് ചേർത്തിട്ടുള്ളത്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 125 | 92612268 | 95 | 66297131 | 0 | 30 | 76 |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 1 | 1 | 7418228 | 7418228 | 100 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 8 | 8 | 2891011 | 2765299 | 95.65 |
| എസ്.സി.ഡി.ഒ | 2 | 2 | 1881467 | 1881467 | 100 |
| സിഡിപിഒ | 2 | 2 | 375000 | 374273 | 99.99 |
| സെക്രട്ടറി | 18 | 17 | 20121438 | 17527920 | 87.11 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 93 | 64 | 57925124 | 34329944 | 59.27 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 2000000 | 2000000 | 100 |
| ആകെ | 125 | 95 | 92612268 | 66297131 | 72 |

1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.11.20 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. വരവായി തുകയൊന്നും ഉണ്ടായിരുന്നില്ല.

1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 3.7.2020 | 2019-20 | 29.07.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 2009-10 മുതൽ 2013-14 വരെ | 5.2.2015 |

1-8 വാർഷികകണക്കുകളിലെ അപാകതകൾ

സർട്ടിഫിക്കറ്റിൽ പരാമർശിച്ച അപാകതകൾ നിലനിൽക്കുന്നു. കേന്ദ്രാവിഷ്കൃതപദ്ധതികളുടെ വിവരവും മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാവുന്ന ഫണ്ടിന്റെ വിവരങ്ങളും രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-9 ലൈഫ് പദ്ധതികൾക്കായി നൽകിയ തുകകൾ - വിനിയോഗവിവരം ലഭ്യമല്ല

ലൈഫ് പദ്ധതികൾക്കായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം തുക നൽകിയിട്ടുള്ളതിൽ വിനിയോഗ വിവരങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് | ചെലവ്, ബിൽ നം , തുക | തുക നൽകിയ സ്ഥാപനങ്ങൾ | നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| 4/19<br>ലൈഫ് പദ്ധതി (ജനറൽ)<br>അടങ്കൽ- 4255532( വികസനഫണ്ട്- പൊതു) | ആകെ ചെലവ് - 4255532 രൂപ<br>ബിൽ നം -1/27.07.2018 | കേരളശ്ശേരി ഗ്രാ.പ | 119314 | 98120 | 21194 |
| | | കോങ്ങാട് ഗ്രാ.പ | 561217.6 | വിനിയോഗ വിവരം ലഭ്യമല്ല | |
| | | മങ്കര ഗ്രാ.പ | 243047 | 200000 | 43047 |
| | | മണ്ണൂർ ഗ്രാ.പ | 243047 | 243047 | 0 |
| | | മുണ്ടൂർ ഗ്രാ.പ | 592150.9 | വിനിയോഗ വിവരം ലഭ്യമല്ല | |
| | | പറളി ഗ്രാ.പ | 362361 | വിനിയോഗ വിവരം ലഭ്യമല്ല | |
| | | പിരായിരി ഗ്രാ.പ | 2134394.6 | 2080000 | 54394.6 |
| 5/19,<br>ലൈഫ് പദ്ധതി (എസ്.സി.പി) | ആകെ ചെലവ് - രൂപ 4399436 | കോങ്ങാട് ഗ്രാ.പ | 386727 | വിനിയോഗ വിവരം ലഭ്യമല്ല | |
| | | മണ്ണൂർ ഗ്രാ.പ | 902453 | 240000 | 662453 |

| | | | | | |
|---|---|---|---|---|---|
| അടങ്കൽ-4399436 ( വികസന ഫണ്ട്-എസ്.സി.പി) | 2981436 --<br>ബിൽ നം -7/27.07.2018<br>1418000-<br>ബിൽ നം -21/05.10.2018 | | | | |
| | | മുണ്ടൂർ ഗ്രാ.പ | 402897 | വിനിയോഗ വിവരം ലഭ്യമല്ല | |
| | | പിരായിരി ഗ്രാ.പ | 2707359 | 23,20,000 | 387359 |

വിനിയോഗ വിവരം ലഭ്യമാക്കാത്ത ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ചെലവുബാക്കി തിരികെ ഈടാക്കിയതിന്റെയോ തുടർവർഷങ്ങളിൽ വിനിയോഗിച്ചതിന്റെയോ രേഖകൾ നൽകേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം 2/25.11.2020, മറുപടി ലഭ്യമാക്കിയിട്ടില്ല)

1-10 ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയതിന്റെ വിനിയോഗവിവരം ലഭ്യമല്ല

പ്രോജക്ട് നം 19/19 (നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി )

അടങ്കൽ- 7418228

ചെലവ് -7418228

നിർവ്വഹണോദ്യോഗസ്ഥൻ - കൃഷി അസിസ്റ്റന്റ് ഡയറക്ടർ

"നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി " പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ആകെ 2143 ഹെക്ടർ നെൽകൃഷിക്ക് ഹെക്ടറിന് 3500 രൂപ വീതം നൽകുന്നതിനാണ് ലക്ഷ്യമിട്ടത്. ഇതിനായി 7418228 രൂപ 7 ഗ്രാമപഞ്ചായത്തുകൾക്കായി നൽകിയിട്ടുണ്ട്.

| ബിൽനം ,തീയതി | തുക | വിഹിതം നൽകിയ ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1/25.09.2018 | 875000 | കേരളശ്ശേരി ഗ്രാമപഞ്ചായത്ത് |
| 2/25.09.18 | 768979 | മണ്ണൂർ ഗ്രാമപഞ്ചായത്ത് |
| 10/25.03.2019 | 56630 | |
| 3/25.09.2018 | 926470 | മുണ്ടൂർ ഗ്രാമപഞ്ചായത്ത് |
| 4/29.09.2018 | 845456 | മങ്കര ഗ്രാമപഞ്ചായത്ത് |
| 8/16.01.2019 | 389693 | |
| 5/29.09.2018 | 1609993 | പറളി ഗ്രാമപഞ്ചായത്ത് |
| 9/16.01.19 | 161007 | |
| 6/29.09.2018 | 1085000 | പിരായിരി ഗ്രാമപഞ്ചായത്ത് |
| 7/9.10.18 | 700000 | കോങ്ങാട് ഗ്രാമപഞ്ചായത്ത് |
| | | |

| | | |
|---|---|---|
| | 7418228 | |

തുക പൂർണ്ണമായും പദ്ധതിക്കായി വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമായിട്ടില്ല. തുക ചെലവഴിച്ചതിന്റെയും ചെലവു ബാക്കി തിരികെ ഈടാക്കിയതിന്റെയും രേഖകൾ ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം 3/27.11.2020, മറുപടി ലഭ്യമാക്കിയിട്ടില്ല)

1-11 രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം 135/19

യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ് അധിക തുക നൽകൽ

അടങ്കൽ -120000 ( 66335-വികസനഫണ്ട്- പൊതു, 53665-തനത്ഫണ്ട് )

ചെലവ് -70000( 66335-ബിൽ നം 78/25.03.19)(3665-207/2203.19)

കേരളത്തിന്റെ തനത് ക്ലാസിക്കൽ കലാരൂപങ്ങളെ പരിപോഷിപ്പിക്കുന്നതിനും സുകുമാര കലകളിൽ നിശ്ചിത യോഗ്യത നേടിയ യുവതീയുവാക്കളെ പ്രോത്സാഹിപ്പിക്കുന്നതിനും സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. നം പി-8300/18/സാംസ്കാരിക വകുപ്പ് തീയതി 15.02.2019 ലെ ഉത്തരവ് പ്രകാരം പാലക്കാട് ബ്ലോക്ക് എന്ന ക്ലസ്റ്ററിൽ വിന്യസിച്ചിട്ടുള്ള 7 യുവകലാകാരന്മാർക്കാണ് തുക നൽകിയിട്ടുള്ളത്. സ.ഉ.(കൈ) നം 30/19/ത.സ്വ.ഭ.വ തീയതി 06.03.2019 പ്രകാരം പദ്ധതിക്ക് വിശദമായ മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ ഏഴംഗ ബ്ലോക്ക് തല സമിതി പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തേണ്ടതും കലാകാരന്മാരുടെ പ്രവർത്തനമികവ് അവലോകനം ചെയ്യേണ്ടതുമാണ്. എല്ലാ കലാപ്രവർത്തകരും അവരുടെ കലാരൂപങ്ങളിൽ ഏറ്റവും കുറഞ്ഞത് ആഴ്ചയിൽ 4 ദിവസം എന്ന കണക്കിലും ഒരു ദിവസം 2 1/2 മണിക്കൂർ എന്ന കണക്കിലും പരിശീലനക്ലാസുകൾ എടുത്തിട്ടുണ്ടാവണമെന്നും മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ബ്ലോക്ക് തല സമിതിയുടെ മിനിറ്റ്സോ പാലക്കാട് ബ്ലോക്ക് ക്ലസ്റ്ററിൽ പദ്ധതി പ്രവർത്തനങ്ങൾ നടന്നതായി തെളിയിക്കുന്ന മറ്റ് രേഖകളോ ലഭ്യമായിട്ടില്ല.

ആവശ്യമായ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവുതുക 70000 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നം 2/25.11.2020, മറുപടി ലഭ്യമാക്കിയിട്ടില്ല)

1-12 അധികം തുക തിരികെ ഈടാക്കണം

പ്രോജക്ട് നം 37/19 (ഐ.സി.ഡി.എസ് ഓഫീസുകൾക്ക് കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ, ഫാൻ ഇവ വാങ്ങൽ)

അടങ്കൽ -200000 (വികസനഫണ്ട് -ജനറൽ)

ചെലവ് -199273 (ബിൽ നം .1/3.10.18)

നിർവ്വഹണം- സി.ഡി.പി.ഒ

മേൽ പ്രോജക്റ്റിൽ കെൽട്രോൺ മുഖേന ഡെസ്ക്ടോപ് കമ്പ്യൂട്ടർ-2, യു.പി.എസ്-5, ഫോട്ടോകോപ്പിയർ-1, ലാപ്ടോപ്-1 എന്നിവയുടെ വാങ്ങൽ നടത്തിയിട്ടുണ്ട്. കെൽട്രോൺ ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം തുക മുൻകൂർ നൽകിയിട്ടുണ്ട്.എന്നാൽ ലാപ്ടോപ് കമ്പ്യൂട്ടറിന് പ്രൊഫോർമ പ്രകാരമുള്ള വിലയിലും കുറഞ്ഞ വിലയാണ് ഒറിജിനൽ ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്ന

കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം | പ്രൊഫോർമ ഇൻവോയ്സ് പ്രകാരം തുക | ഒറിജിനൽ ബിൽ പ്രകാരം തുക | വ്യത്യാസം |
|---|---|---|---|---|---|
| 1. | കമ്പ്യൂട്ടർ (ഡെസ്ക്ടോപ്) | 2 | 71118 | 71118 | 0 |
| 2. | U. P. S | 5 | 17825 | 17825 | 0 |
| 3. | ഫോട്ടോകോപ്പിയർ | 1 | 55631 | 55631 | 0 |
| 4. | ലാപ്ടോപ് | 1 | 33302 | 22895(*) | 10407 |

(*) ബിൽ നം ITP/106748/19-20.dt 31.10.2019

കെൽട്രോണിന് അധികം നൽകിയ 10407 രൂപ തിരികെ ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും ഫോട്ടോകോപ്പിയർ ഇൻസ്റ്റാൾ ചെയ്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. തിരികെ ഈടാക്കുന്നതു വരെ അധികം നൽകിയ 10407 രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം 7/27.11.2020, മറുപടി ലഭ്യമാക്കിയിട്ടില്ല)

1-13 അഡ്വാൻസ് തുക ക്രമീകരിക്കേണ്ടതാണ്

അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2018-19 വർഷം MNREGS ഓഫീസ് പ്രവർത്തനത്തിന് നൽകിയ മുൻകൂർ തുകയിൽ 476163 രൂപ ക്രമീകരിച്ചിട്ടില്ല.

| | |
|---|---|
| മുന്നിരിപ്പ് (അഡ്വാൻസ് നീക്കിയിരുപ്പ്) | 507999 |
| തൻവർഷം അഡ്വാൻസ് നൽകിയത് | 1012807 |
| ആകെ അഡ്ജസ്റ്റ് ചെയ്യാത്തത് | 1520806 |
| തൻവർഷം അഡ്ജസ്റ്റ് ചെയ്തത് | 1044643 |
| അഡ്വാൻസ് ചെയ്യാൻ നീക്കിയിരിപ്പ് | 476163 |

നീക്കിയിരുപ്പ് തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നം /തീയതി | തുക |
|---|---|
| 2113275/17.09.18 | 14120 |
| 2113283/3.10.18 | 55143 |
| 1528545/3.11.18 | 72084 |
| 2059465/24.11.18 | 50000 |
| 2113608/15.12.18 | 52938 |
| 2113620/5.01.19 | 51458 |
| 2113648/6.02.19 | 74146 |
| 027474/6.02.19 | 46824 |
| 2113669/8.03.19 | 59450 |
| | |

അഡ്വാൻസായി നൽകുന്ന എല്ലാ പെയ്മെന്റുകളും അഡ്വാൻസ് രജിസ്റ്ററിൽ എഴുതേണ്ടതാണ്. തുക അസ്സൽ വൗച്ചറുകളും രസീതുകളും സഹിതം ഹാജരാക്കി നിശ്ചിത സമയത്തിനകം ക്രമീകരിച്ച് വിശദാംശങ്ങൾ നൽകേണ്ടതാണ്.

1-14 റോഡ് ടാറിംഗ് പ്രവർത്തികൾ-ബാരൽ വില ഈടാക്കിയിട്ടില്ല

2018-19 വർഷം ഫൈനൽ ബില്ല് നൽകിയിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ ആവശ്യമായ ബിറ്റുമിൻ കരാറുകാരാണ് നേരിട്ട് വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്വയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് ബിൽ തുക നൽകേണ്ടത്. എന്നാൽ പല പ്രവൃത്തികളിലും ബിറ്റുമിന്റെ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽബിൽ തുക നൽകിയിരിക്കുന്നത്. 6 പ്രവർത്തികളിലായി ആകെ 21658 രൂപ (3094+2380+4284+6426+2380+3094) കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവഹണഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

വിശദവിവരം ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

1-15 കരാർ ചമയ്ക്കുന്നതിൽ കാലതാമസം -പിഴ ഈടാക്കിയിട്ടില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയോ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കരാർ ചമക്കുന്നതിൽ കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവഹണഉദ്യോഗസ്ഥനിൽ നിന്നോ നിയമാനുസൃതം പിഴതുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദവിവരം ഖണ്ഡിക 3-2 ൽ ചേർത്തിട്ടുണ്ട്.

1-16 നെല്ലടി റോഡ് മെറ്റലിംഗ് ടാറിംഗ് - തുടർനടപടി സ്വീകരിക്കേണ്ടതാണ്

പ്രൊജക്ട് - നെല്ലടി റോഡ് മെറ്റലിംഗ് ടാറിംഗ് (41/19)

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

അടങ്കൽ -500000 (Plan)

ചെലവ് - 71/20.3.19-₹.468970

കരാറുകാരൻ -ശ്രീ. സുഗുണനുണ്ണി

അളവ് പുസ്തകം - 43/18

നെല്ലടി റോഡ് മെറ്റലിംഗ് ടാറിംഗ് പ്രവർത്തി 21.12.18 ന് ആരംഭിക്കുകയും 12.2.19 ന് പൂർത്തിയാക്കി ബിൽ തുക കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ റോഡ് പൂർണ്ണമായും തകർന്നതായി കോങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, 1.10.19 ന് നിർവഹണഉദ്യോഗസ്ഥന് കത്ത് (SC4758/59) നൽകിയിട്ടുണ്ട്. റോഡ് പുനർനിർമ്മിക്കാനാവശ്യപ്പെട്ട് നിർവഹണഉദ്യോഗസ്ഥൻ 17.10.19 നം 20.1.20 നം കരാറുകാരന് കത്ത് നൽകി. തുടർനടപടിയുടെ വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/26.11.20 ) മറുപടിയായി തുടർനടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. റോഡ് തൃപ്തികരമായി പുനർനിർമ്മിച്ച് രേഖകൾ/സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ നിർവഹണഉദ്യോഗസ്ഥനും മോണിറ്ററിംഗ് സമിതിയും പ്രവർത്തികളുടെ ഗുണനിലവാരം കൃത്യമായി നിരീക്ഷിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-17 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങൽ- വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് നം.-61/18-19 – എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങൽ

അടങ്കൽ-1800,000(വികസനഫണ്ട് -SCP)

ചെലവ്-1800000{ ബിൽ നം -1/13.09.18-350000, 2/13.09.18-350000, 3/25.10.18-750000, 4/18.12.18-350000}

നിർവഹണം-SCDO

എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങൽ എന്ന പദ്ധതി പ്രകാരം താഴെ പറയും പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയിട്ടുണ്ട്.

പിരായിരി ഗ്രാമപഞ്ചായത്ത് – 450000
കോങ്ങാട് ഗ്രാമപഞ്ചായത്ത് – 300000
പറളി ഗ്രാമപഞ്ചായത്ത് – 350000
മണ്ണൂർ ഗ്രാമപഞ്ചായത്ത് – 350000
മുണ്ടൂർ ഗ്രാമപഞ്ചായത്ത് – 350000

നിർവഹണഉദ്യോഗസ്ഥനും ഗ്രാമപഞ്ചായത്തുകളും തമ്മിൽ കരാർ ചമച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തുകൾ തുക വിനിയോഗിച്ച് പദ്ധതി പൂർത്തിയാക്കിയതിന്റെ വിനിയോഗവിവരങ്ങൾ / സാക്ഷ്യപത്രം നിർവഹണഉദ്യോഗസ്ഥൻ വാങ്ങി സൂക്ഷിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച തുക ചെലവഴിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കി എന്ന് നിർവഹണഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. സാമ്പത്തികവർഷത്തിനകം ചെലവഴിക്കാത്ത പദ്ധതി തുക തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതുമാണ്. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി- 6/26.11.20 മറുപടി ലഭ്യമായില്ല)

1-18 സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ- വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള താഴെ പറയുന്ന പദ്ധതികൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകൾക്കും ജില്ലാപഞ്ചായത്തിനും ബ്ലോക്ക് വിഹിതം തുക നൽകിയിട്ടുണ്ട്. ഈ തുകകൾ അതത് പദ്ധതികൾക്കായി ചെലവഴിച്ചതിന്റെയോ ചെലവഴിക്കാത്ത പക്ഷം തിരിച്ചടച്ചതിന്റെയോ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് | തുക കൈമാറി നൽകിയ സ്ഥാപനം |
|---|---|---|---|---|
| 29/19 | തോലാനിക്കടവ് എസ്.സി. കോളനി | 500000 (പ്ലാൻ-SCP) | 500000 (ബിൽ നം 12/31.12.2018) | പിരായിരി ഗ്രാമപഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | സാംസ്കാരിക നിലയം | | | |
| 48/19 | കോങ്ങാട് ജി.യു.പി.എസ് ൽ ബയോഗ്യാസ് പ്ലാന്റ് | 100000 (പ്ലാൻ-ജനറൽ) | 100000 ( ബിൽ നം 9/12.11.2018) | കോങ്ങാട് ഗ്രാമപഞ്ചായത്ത് |
| 112/19 | മണ്ണൂർ ഗ്രാമപഞ്ചായത്ത് ഗ്യാസ് ക്രിമിറ്റോറിയം | 900000 (പ്ലാൻ-ജനറൽ) | 900000 ( ബിൽ നം 14/31.12.2018) | ജില്ലാ പഞ്ചായത്ത് |
| 23/19 | വടശ്ശേരി വായനശാല കെട്ടിടം | 400000 (പ്ലാൻ-ജനറൽ) | 400000 ( ബിൽ നം 17/18.01.19) | കേരളശ്ശേരി ഗ്രാമപഞ്ചായത്ത് ) |

തുക അതത് പദ്ധതികൾക്കായി വിനിയോഗിച്ചതിന്റെയും ചെലവഴിക്കാത്ത തുകകൾ തിരികെ ഈടാക്കിയതിന്റയും രേഖകൾ ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം 2/25.11.2020, മറുപടി ലഭ്യമാക്കിയിട്ടില്ല)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ബിറ്റുമിൻ ബാരൽ വില ഈടാക്കിയില്ല

2018-19 വർഷം ഫൈനൽ ബില്ല നൽകിയിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ ആവശ്യമായ ബിറ്റുമിൻ കരാറുകാരാണ് നേരിട്ട് വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് ബിൽ തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ബിറ്റുമിന്റെ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽബിൽ തുക നൽകിയിരിക്കുന്നത്.

വിശദവിവരം താഴെ ചേർക്കുന്നു.

(VG-30 – 156 kg/ബാരൽ, RS-1 – 182 kg/ബാരൽ, SS1- 180 kg/ബാരൽ)

<u>1. തട്ടുക്കശ്ശേരി കാരപ്പറമ്പ് റോഡ് (38/19)</u>

അടങ്കൽ - 500000 രൂപ (പ്ലാൻ)

ചെലവ് - 400060 രൂപ

ബിൽ നമ്പർ - 80/25.3.19

കരാറുകാരൻ - ശ്രീ.അർജ്ജുൻ.കെ

കരാർ - 43/24.10.18

അളവ് പുസ്തകം - 60/18

അളവ് പുസ്തകം പേജ് 17പ്രകാരം ഉപയോഗിച്ച ബിറ്റുമിൻ അളവ് -

SS-1 – 573.3 kg – 3 barrel

RS-1- 185.49 kg – 1 barrel

VG 30 – 1423.2 kg – 9 barrel

ആകെ - 13 barrel -

ഒരു ബാരലിന് 238 രൂപ പ്രകാരം ആകെ (13*238) - <u>3094</u> രൂപ ഈടാക്കണം.

2.<u>നെല്ലട്ടി റോഡ് മെറ്റലിംഗ് ടാറിംഗ്</u> (<u>41/19</u>)

അടങ്കൽ - 500000 രൂപ (പ്ലാൻ)

ചെലവ് - 468970 രൂപ

ബിൽ നമ്പർ - 71/20.3.19

കരാറുകാരൻ - ശ്രീ.സുഗുണനുണ്ണി

കരാർ - 50/2.11.18

അളവ് പുസ്തകം - 43/18

അളവ് പുസ്തകം പേജ് 21പ്രകാരം ഉപയോഗിച്ച ബിറ്റുമിൻ അളവ് -

SS-1 – 436.05 kg – 2.4 barrel

RS-1- 141.08 kg – 0.775 barrel

VG 30 – 1082.43 kg – 6.94 barrel

ആകെ - 10 barrel -

ഒരു ബാരലിന് 238 രൂപ പ്രകാരം ആകെ (10*238) - 2380 രൂപ ഈടാക്കണം.

3.<u>വടശ്ശേരി വാരംകോട് റോഡ് പുനരുദ്ധാരണം</u>(<u>127/19</u>)

അടങ്കൽ - 500000 രൂപ

ചെലവ് - 493331 രൂപ

ബിൽ നമ്പർ - 63/4.12.18

കരാറുകാരൻ - ശ്രീ.സുഗുണനുണ്ണി

കരാർ - 50/2.11.18

അളവ് പുസ്തകം - 38/18

അളവ് പുസ്തകം പേജ് 29പ്രകാരം ഉപയോഗിച്ച ബിറ്റുമിൻ അളവ് -

SS-1 – 108.8 kg – 0.604 barrel

RS-1- 213.3 kg – 1.172 barrel

VG 30 – 2616.46kg – 16.772 barrel

ആകെ - 18 barrel -

ഒരു ബാരലിന് 238 രൂപ പ്രകാരം ആകെ (18*238) - 4284 രൂപ ഈടാക്കണം.

4.വേങ്ങോലി കുന്ന് റോഡ് റീടാറിങ് (87/19)

അടങ്കൽ - 863492 രൂപ

ചെലവ് - 863492 രൂപ

ബിൽ നമ്പർ - 8/11.7.18

കരാറുകാരൻ - ശ്രീ.രമേഷ്

കരാർ - 14/8.11.17

അളവ് പുസ്തകം - 101/17

അളവ് പുസ്തകം പേജ് 36പ്രകാരം ഉപയോഗിച്ച ബിറ്റുമിൻ അളവ് -

RS-1- 373.5 kg – 2.052 barrel

VG 30 – 3977.09kg – 25.49barrel

ആകെ - 27 barrel -

ഒരു ബാരലിന് 238 രൂപ പ്രകാരം ആകെ (27*238) - 6426 രൂപ ഈടാക്കണം.

5. നെല്ലിക്കാട് റോഡ് മെറ്റലിംഗ് ടാറിംഗ് (49/19)

അടങ്കൽ - 446421 രൂപ

ചെലവ് - 446421 രൂപ

ബിൽ നമ്പർ - 8/11.7.18

കരാറുകാരൻ - ശ്രീ.അബ്ദുൾ മുത്തലീഫ്

കരാർ - 37/3.10.18

അളവ് പുസ്തകം - 41/18

അളവ് പുസ്തകം പേജ് 21പ്രകാരം ഉപയോഗിച്ച ബിറ്റുമിൻ അളവ് -

SS1-433.5 kg -2.408 barrel

RS-1- 114.75 kg – 0.63 barrel

VG 30 – 1076.1kg –6.898 barrel

ആകെ - 10 barrel -

ഒരു ബാരലിന് 238 രൂപ പ്രകാരം ആകെ (10*238) - 2380രൂപ ഈടാക്കണം.

6.നെല്ലിപറമ്പ് എസ്.സി കോളനി റോഡ് പുനരുദ്ധാരണം (59/19)

അടങ്കൽ - 448963 രൂപ (SCP)

ചെലവ് - 447186 രൂപ

ബിൽ നമ്പർ - 35/24.12.18

കരാറുകാരൻ - ശ്രീമതി.അഖില മുഹമ്മദ്

കരാർ - 38/10.10.18

അളവ് പുസ്തകം - 15/18

അളവ് പുസ്തകം പേജ് 28പ്രകാരം ഉപയോഗിച്ച ബിറ്റുമിൻ അളവ് -

RS-1- 178.2 kg – 0.978 barrel

VG 30 – 1954kg – 12.52 barrel

ആകെ - 13 barrel -

ഒരു ബാരലിന് 238 രൂപ പ്രകാരം ആകെ (13*238) - 3094രൂപ ഈടാക്കണം.

ഓഡിറ്റ് എൻക്വയറിക്ക് (5/26.11.20) മറുപടിയായി തുക കരാറുകാരിൽ നിന്ന് ഈടാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. 6 പ്രവർത്തികളിലായി ആകെ 21658 രൂപ (3094+2380+4284+6426+2380+3094) കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-2 കരാർ ചമയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയോ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കരാർ തുകയുടെ 1% പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

| പ്രവർത്തി | സെലക്ഷൻ നോട്ടീസ് തിയതി | കരാർ തിയതി | കരാർ തുക | ഈടാക്കേണ്ട പിഴ | കരാറുകാരൻ |
|---|---|---|---|---|---|
| മുണ്ടഞ്ചേരി DWS(11/19) | 6.8.18 | 31/31.8.18 | 1128312 | 11283 | ശ്രീ. ഷഫീക്. എൻ.എം. |
| കേരളശ്ശേരി | 6.8.18 | 27/31.8.18 | 189310 | 1893 | ശ്രീ. |

| | | | | | |
|---|---|---|---|---|---|
| തടക്കശ്ശേരി വെണ്ണാടി DWS(17/19) | | | | | ഷഫീക്.എൻ.എം. |
| തടുക്കശ്ശേരി കാരപ്പറമ്പ് റോഡ്(38/19) | 1.10.18 | 43/ 24.10.18 | 400060 | 4000 | അർജ്ജുൻ.കെ |
| ചെമ്പക്കര റോഡ് | 6.8.18 | 19/ 31.8.18 | 362741 | 3627 | അബൂതാഹിർ. പി.ബി |
| മാട്ടുമ്മൽ എതിർമല കല്ലടി റോഡ്(51/19) | 6.8.18 | 24/ 31.8.18 | 356714 | 3567 | നാരായണൻ കുട്ടി |
| കള്ളത്താം പടി കനാൽ റോഡ് | 6.8.18 | 18/ 31.8.18 | 834994 | 8350 | സുരേഷ് ബാബു |
| തടുക്കശ്ശേരി വെണ്ണടി DWS(82/19) | 21.12.17 (ഭരണ സമിതി തീരുമാനം -11.12.17) | 33/ 18.1.18 | 1333313 | 13333 | ശ്രീ. ഷഫീക്.എൻ.എം. |
| പൂപ്പള്ളി DWS(79/19) | 30.11.17 | 35/ 18.1.18 | 1486947 | 14869 | ശ്രീ. ഷഫീക്.എൻ.എം. |
| പറയങ്കാട് പാലശ്ശേരി Dws(84/19) | തിയതി - ഇല്ല(21.12.17 ന് കൈപ്പറ്റി) ഭരണ സമിതി തീരുമാനം - 11.12.17 | 34/18.1.18 | 1453257 | 14532 | ശ്രീ. ഷഫീക്.എൻ.എം. |
| പള്ളിയിൽ പറമ്പ് DwS(126/19) | 28.10.18 | 65/29.12.18 | 198245 | 1982 | കൃഷ്ണദാസ് .സി.കെ |
| ആകെ | | | | 77436 | |

ഓഡിറ്റ് എൻക്വയറിക്ക് (5/26.11.20) മറുപടിയായി തുക കരാറുകാരിൽ നിന്ന് ഈടാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. കരാർ ചമക്കുന്നതിൽ കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവഹണഉദ്യോഗസ്ഥനിൽ നിന്നോ നിയമാനുസൃതം പിഴതുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക കണക്കുകൾ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 01.07.2019- മുതൽ 02.01.2019 വരെ | കെ.എസ്.എ.പി.കെ.ഡി21/967/2019(10) തീയതി 26.8.2019 |

4-2 സംയുക്ത പ്രൊജക്ടുകളുടെ വിവരം

ഗ്രാമപഞ്ചായത്തിൽ നിന്നും ജില്ലാപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന തുകകൾ സാംഖ്യയിൽ വെവ്വേറെ ഹെഡുകളിൽ വരവിലെടുക്കുന്നതിനു പകരം ജില്ലാപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന തുക എന്ന രീതിയിൽ രേഖപ്പെടുത്തുന്നു. ചെലവ് വിവരങ്ങളും പൂർണ്ണമായി ലഭ്യമല്ല. സംയുക്ത പ്രൊജക്ടുകൾക്ക് ലഭ്യമാകുന്ന തുകകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം അപ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വേർതിരിച്ചുള്ള കണക്ക് ലഭ്യമല്ല. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള കണക്കുകൾ താഴെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | | ബാലൻസ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-2019 | 1274000 | PMAY Share | | 1274000 | 0 |
| മുണ്ടൂർ ഗ്രാമ പഞ്ചായത്ത് | 2017-18 | 500000 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് | 2017-18 ചെലവ്<br>2018-19 ലെ ചെലവ്<br>ബാലൻസ് തിരികെ കോങ്ങാട്<br>മുണ്ടൂർ | 128350<br>524166<br>78729<br>78728 | 190027 |
| കോങ്ങാട് ഗ്രാമ പഞ്ചായത്ത് | 2017-18 | 500000 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് | | | |
| കേരളശ്ശേരി ഗ്രാമ പഞ്ചായത്ത് | 2017-18 | 400000 | അമ്പല പ്പറമ്പ് കുടിവെള്ള പദ്ധതി | | 144932 | 255068 |
| | 2017-18 | 450000 | ചാത്തൻ ചിറക്കുന്ന് കുടിവെള്ള പദ്ധതി | Advance to accredited agency | 252777 | 197223 |
| ബ്ലോക്ക് (ബാങ്ക് പലിശ) | 2018-19 | 1630719 | IAY bank interest | | | 1630719 |
| മങ്കര ഗ്രാമ പഞ്ചായത്ത് | 2018-19 | 200000 | PMAY | | | 570000 |
| പിരായിരി | 2018-19 | 70000 | | | | |
| കോങ്ങാട് | 2018-19 | 100000 | | | | |
| മുണ്ടൂർ | 2018-19 | 75000 | | | | |
| കേരളശ്ശേരി | 2018-19 | 125000 | | | | |

4-3 ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിവരം

ഒന്നുമില്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-5 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല.

4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

4-7 ഓഡിറ്റ് റിക്കവറി

വരവില്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ബ്ലോക്ക്പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഖണ്ഡികകളൊന്നും ഉൾപ്പെട്ടിട്ടില്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 167300627 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 117129039 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 99094 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 80407 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 21658 | ബാലചന്ദ്രൻ.ജി |

| | | | |
|---|---|---|---|
| | | | അസി.എക്സി.എഞ്ചിനീയർ |
| 3-2 | | 77436 | ബാലചന്ദ്രൻ.ജി<br>അസി.എക്സി.എഞ്ചിനീയർ |
| ആകെ | | 99094 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 70000 | ശ്രീ.വരുൺ.ജി, സെക്രട്ടറി |
| 1-12 | 10407 | ശ്രീമതി. രമാദേവി.പി, സി.ഡി.പി.ഒ |

ഭാഗം-1 ലെ ഖണ്ഡികകൾ പ്രകാരമുള്ള നഷ്ടം

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബാലചന്ദ്രൻ.ജി<br>അസി.എക്സി.എഞ്ചിനീയർ | അന്തരിച്ചു | അന്തരിച്ചു |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | നം.എൽ.എഫ്.പി.6/541/05/ 1.2.06 | 2 |
| 1999-2000 | നം.എൽ.എഫ്.പി.6/804/04/ 11.8.05 | 4 |
| 2000-2001 | നം.എൽ.എഫ്.പി.6/1354/07/ 31.12.07 | 8 |
| 2001-02 | നം.എൽ.എഫ്.പി.6/1355/07/ 31.12.07 | 4 |
| 2002-03 | നം.എൽ.എഫ്.പി.6/1356/07/ 31.12.07 | 5 |
| 2003-04 | നം.എൽ.എഫ്.പി.6/965/08/ 2.2.09 | 4 |
| 2004-05 | നം.എൽ.എഫ്.പി.6/966/08/ 2.2.09 | 3 |
| 2005-06 | നം.എൽ.എഫ്.പി.6/967/08/ 2.2.09 | 2 |
| 2006-07 | നം.എൽ.എഫ്.പി.6/968/09/ 2.2.09 | 11 |
| 2007-08 | നം.എൽ.എഫ്.പി8/1058/12/ 10.8.12/5.11.12 | 4 |
| 2008-09 | എൽ.എഫ്.പി8/1059/12/ 10.8.2012 | 4 |
| 2010-11 | നം.എൽ.എഫ്.പി.8/1147/13/ 1.4.14/ | 5 |

| | | |
|---|---|---|
| 2011-12 | നം.എൽ.എഫ്.പി.8/1060/12/ 10.8.09/5.11.12 | 5 |
| 2012-13, 2013-14 & 2014-15 | നം.എൽ.എഫ്.പി8/2220/14 / 11.3.15 | 11 |
| 2015-16 | നം.കെ.എസ്.എ-പികെഡി8/904/17/ 27.05.2017 | 9 |
| 2016-17 | നം.കെ.എസ്.എ-പികെഡി8/2165/17/29.11.2017 | 8 |
| 2017-18 | നം.കെ.എസ്.എ-പികെഡി8/ 640/2019/20.08.2019 | മുഴുവനും |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-പികെഡി-21/967/2019(10)


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in


## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലി നായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പാലക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 31-3-2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാലക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>ന്യൂനതകളുടെ സംഗ്രഹം</u>

1.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. കാലാവധി കഴിഞ്ഞ ചെക്കുകൾ stale cheques എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-21/967/2019(10)

Kerala State Audit Department

District Audit Office,Palakkad

Date: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

<u>Audit Certificate</u>

Certified that I have examined the Annual Financial Statement of Palakkad block panchayat in Palakkad District for the year ended on 31-3-2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, the Rules made there under and the Guidelines issued by the Comptroller and Auditor General of India for the Cetification of Accounts of Panchayat Raj Institutions.

In my opinion, the Financial Statements of Palakkad block panchayat for the year 2018-19 subject to the observations in the Annexure, property presents the picture of income, expenditure and closing

balance.

Deputy Director

<u>Abstract Defects/Discrepancies</u>

1.Asset register not updated.

2Stale cheques were not accounted under the Head “ Stale cheques”.

Deputy Director

<u>അനുബന്ധം -2</u>

<u>വിവിധ പത്രികകൾ</u>

1. Receipt&Payment പത്രിക

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 54972181.00 |
| Cash | Cash | RP-40(a) | 0.0 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 50326.00 |
| 150000000 | Sale & Hire Charges | RP-5 | 35300.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 70269402.00 |
| 171000000 | Interest Earned | RP-9 | 255054.00 |
| 320000000 | Grants, Funds & Contributions | RP-31 | 29287857.00 |

| | | | |
|---|---|---|---|
| | for Specific Purposes | | |
| 350000000 | Other Liabilities | RP-36 | 167001.00 |
| 180000000 | Other Income | RP-10 | 40000.00 |
| 340000000 | Deposits Received | RP-34 | 110086.00 |
| 350000000 | Other Liabilities | RP-36 | 94691.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 11146086.00 |
| 460000000 | Loans, Advances and Deposits | RP-47 | 872643.00 |
| | Grand total | | 167300627.00 |
| | PAYMENTS | | |
| 210000000 | Establishment Expenses | RP-11 | 2773546.00 |
| 220000000 | Administrative Expenses | RP-12 | 1622584.00 |
| 230000000 | Operations & Maintenance | RP-13 | 13752916.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 12568145.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 62077853.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 10788319.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 64832.00 |
| 255000000 | Maintenance Projects | RP-20 | 5351484.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1000000.00 |
| 280000000 | Prior Period item | RP-26 | 156787.00 |
| 320000000 | Grants, Funds & Contributions | RP-31 | 1394976.00 |

| | | | |
|---|---|---|---|
| | for Specific Purposes | | |
| 350000000 | Other Liabilities | RP-36 | 3144380.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 234838.00 |
| 340000000 | Deposits Received | RP-34 | 143911.00 |
| 350000000 | Other Liabilities | RP-36 | 152806.00 |
| 410000000 | Fixed Assets | RP-38 | 967101.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 934561.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 50171588.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 167300627.00 |

2.ഇൻകം &എക്സ്പെൻഡിച്ചർ പത്രിക

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 9000.00 |
| 140000000 | Fee & User Charges | I-4(b) | 50326.00 |
| 150000000 | Sale & Hire Charges | I-5(b) | 33380.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 104695020.00 |
| 171000000 | Interest Earned | I-8 | 255054.00 |
| 180000000 | Other Income | I-9 | 41420.00 |
| | Total Income | | 105084200.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2773546.00 |
| 220000000 | Administrative Expenses | I-11(b) | 1657584.00 |
| 230000000 | Operations & Maintenance | I-12(b) | 13752916.00 |
| 240000000 | Interest & Finance Charges | I-13 | 234838.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 12568145.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 62077853.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 10788319.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 64832.00 |
| 255000000 | Maintenance Projects | I-14(e) | 5351484.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1000000.00 |
| 272000000 | Depreciation | I-17(a) | 3047653.00 |
| | Total Expenditure | | 113317170.00 |
| | Gross Surplus/ Deficit of income over Expenditure | | -8232970.00 |
| 280000000 | Prior Period Item | I-18 | 6469417.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -14702387.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

3. ബാലൻസ് ഷീറ്റ്

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 61242037.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust | B-2 | 0.0 |

| | | | |
|---|---|---|---|
| | or Agency Fund | | |
| 312000000 | Reserves | B-3 | 15197586.00 |
| | Total Reserve & Surplus | | 76439623.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 39088331.00 |
| | Total Grants, Contributions for Specific Purposes | | 39088331.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 231300.00 |
| 350000000 | Other Liabilities | B-9 | 155241.00 |
| | Total Current Liabilities and Provisions | | 386541.00 |
| | TOTAL LIABILITIES | | 115914495.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 68314397.00 |
| 411000000 | Accumulated Depreciation | B-11 | -3047653.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 65266744.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 0.0 |
| 450000000 | Cash and Bank Balance | B-17 | 50171588.00 |
| 460000000 | Loans, Advances and Deposits | B-18 | 476163.00 |
| | Total Current Assets, Loans and Advances | | 50647751.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 115914495.00 |

DEPUTY DIRECTOR